# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 26.12.2024**

## പ്രധാനവാർത്തകൾ

1. നിളയുടെ കഥാകാരൻ എംടി വാസുദേവൻ നായർക്ക് വിടനൽകി മലയാളം ; അന്ത്യാഞ്ജലി അർപ്പിച്ച് ആയിരങ്ങൾ ; സംസ്കാരം ഇന്ന് വൈകുന്നേരം.

2. എം.ടിയുടെ വിയോഗത്തിൽ അനുശോചിച്ച് രാഷ്ട്രപതി, പ്രധാനമന്ത്രി ഉൾപ്പെടെയുള്ള പ്രമുഖർ ; മന്ത്രിസഭാ യോഗവും മറ്റ് സർക്കാർ പരിപാടികളും മാറ്റിവെച്ചു.

3. വരും തലമുറകളുടെ കൈകളിൽ രാജ്യം സുരക്ഷിതമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു ; പ്രധാനമന്ത്രി ബാൽ പുരസ്കാരങ്ങൾ രാഷ്ട്രപതി വിതരണം ചെയ്തു.

4. ഇന്ത്യയിലെ യുവാക്കൾ ലോകത്തിന് തന്നെ പ്രചോദനമേകുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. വീർ ബാൽ ദിവസ് പരിപാടിയെ പ്രധാനമന്ത്രി അഭിസംബോധന ചെയ്തു.

5. നാൽപ്പത്തി ഒന്ന് ദിവസം നീണ്ടുനിന്ന ശബരിമല മണ്ഡല കാലതീർഥാടനത്തിന് ഇന്ന് സമാപനം.

PNU TVPM

6. **സന്തോഷ് ട്രോഫി ഫുട്ബോൾ ക്വാർട്ടർ ഫൈനൽ മത്സരങ്ങളിൽ ഇന്ന് ഒഡീഷ പശ്ചിമ ബംഗാളിനെയും, ഡൽഹി മണിപ്പൂരിനെയും നേരിടും.**

*****************************************************

## എംടി അനുശോചനം

പ്രിയ സാഹിത്യകാരൻ എംടി വാസുദേവൻ നായർക്ക് മലയാളത്തിൻറെ ശ്രദ്ധാഞ്ജലി. കേരളത്തിൻറെ സ്വന്തം എംടിക്ക് അന്തിമോപചാരം അർപ്പിക്കാൻ നിരവധി പേരാണ് കോഴിക്കോട്ടെ അദ്ദേഹത്തിന്റെ വസതിയിൽ എത്തിക്കൊണ്ടിരിക്കുന്നത്. മുഖ്യമന്ത്രി പിണറായി വിജയൻ, മന്ത്രിമാരായ വി അബ്ദുറഹ്മാൻ, എ കെ ശശീന്ദ്രൻ, പി എ മുഹമ്മദ് റിയാസ്, സജി ചെറിയാൻ, സ്പീക്കർ എ എൻ ഷംസീർ, അബ്ദുസമദ് സമദാനി എംപി, മുൻ കേന്ദ്രമന്ത്രി മുല്ലപ്പള്ളി രാമചന്ദ്രൻ, സിപിഐഎം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ, കേരളാ കോൺഗ്രസ് ചെയർമാൻ പി ജെ ജോസഫ്, ഗോവ ഗവർണർ പി എസ് ശ്രീധരൻ പിള്ള, എഴുത്തുകാരായ എം മുകുന്ദൻ, സാറാ ജോസഫ്, പി.കെ.പാറക്കടവ്, ചലചിത്ര താരങ്ങളായ മോഹൻലാൽ, വിനീത്, സുരാജ് വെഞ്ഞാറമൂട്, കുട്ട്യേടത്തി വിലാസിനി, സംവിധായകരായ ഹരിഹരൻ, ടി കെ രാജീവ് കുമാർ, ബിഷപ് വർഗീസ് ചക്കാലയ്ക്കൽ തുടങ്ങി സമൂഹത്തിൻറെ നാനാതുറയിലുള്ളവർ അന്ത്യാഞ്ജലി അർപ്പിച്ചു. വൈകുന്നേരം നാലു വരെ അന്തിമോപചാരം അർപ്പിക്കാം. ഭൗതിക ദേഹം വൈകുന്നേരം അഞ്ചിന് മാവൂർ റോഡ് സ്മൃതിപഥം ശ്മശാനത്തിൽ ഔദ്യോഗിക ബഹുമതികളോടെ സംസ്കരിക്കും.

*****************************************************

RNU TVPM

## എം ടി - രാഷ്ട്രപതി-പ്രധാനമന്ത്രി,

തൻറെ രചനകളിലൂടെ ഗ്രാമീണ ഇന്ത്യയെ വരച്ചു കാട്ടിയിരുന്ന എം ടി വാസുദേവൻ നായരുടെ വിയോഗത്തോടെ സാഹിത്യലോകം ദരിദ്രമായതായി രാഷ്ട്രപതി ദ്രൗപദി മുർമു അനുസ്മരിച്ചു. മാനുഷിക വികാരങ്ങളുടെ ആഴത്തിലുള്ള അവലോകനമായിരുന്നു എം ടി യുടെ കൃതികൾ എന്നും അത് തലമുറകളെ രൂപപ്പെടുത്തുകയും പ്രചോദിപ്പിക്കുകയും ചെയ്യുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. സാഹിത്യത്തെയും സിനിമയെയും സാംസ്കാരിക ആവിഷ്കാരത്തിന്റെ ശക്തമായ മാധ്യമങ്ങളാക്കി മാറ്റിയ പ്രതിഭയാണ് എംടി എന്ന് പ്രിയങ്ക ഗാന്ധി എം പി അനുശോചന സന്ദേശത്തിൽ പറഞ്ഞു.

*********************************************

## എംടി – എഴുത്ത്

"നിങ്ങൾ എന്തിന് എഴുത്തുകാരനായി എന്ന് ഒരാൾ ചോദിച്ചാൽ എനിക്ക് പറയാനറിയാം ആദ്യം മുതൽക്കെ ഞാൻ മറ്റൊന്നുമായിരുന്നില്ല" എന്ന് എംടി എഴുതിയിട്ടുണ്ട്. എംടി തുടക്കം മുതലേ എഴുത്തുകാരനായിരുന്നു. ഭാഷയുള്ളിടത്തോളം മരിക്കാത്ത എഴുത്തുകാരൻ. കാലം, മഞ്ഞ്, അസുരവിത്ത്, വിലാപയാത്ര, പാതിരാവും പകൽ വെളിച്ചവും, രണ്ടാമൂഴം, വാരണാസി, ഇരുട്ടിൻറെ ആത്മാവ്, ഓളവും തീരവും, വാരിക്കുഴി, സ്വർഗ്ഗം തുറക്കുന്ന സമയം, വാനപ്രസ്ഥം, രക്തം പുരണ്ട മൺ തരികൾ, നിൻറെ ഓർമ്മയ്ക്ക്, ചെറിയ ചെറിയ ഭൂകമ്പങ്ങൾ, പെരുമഴയുടെ പിറ്റേന്ന്, ശിലാലിഖിതം തുടങ്ങി എംടിയുടെ തൂലികയിൽ പിറന്ന കൃതികൾ മലയാളികൾ എന്നും നെഞ്ചേറ്റുന്നവയാണ്. ഏഴു പതിറ്റാണ്ടു കാലം മലയാളത്തിൻറെ അക്ഷര നക്ഷത്രമായിരുന്ന

RMU TVPM

എംടി നൽകിയ വെളിച്ചം ഓരോ വായനക്കാരൻറെയും മനസിൽ കെടാതെ നിലകൊള്ളും.

*************************************************

## എംടി - ഡെസ്ക്.. ഇൻട്രോ

അക്ഷര ലോകത്തിന് എംടി നൽകിയ സംഭാവനകൾ വിലമതിക്കാനാകാത്തതാണ്. നോവൽ, ചെറുകഥ തുടങ്ങി എഴുത്തിൻറെ വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച അദ്ദേഹം ചലച്ചിത്ര സംവിധായകൻ, തിരക്കഥാകൃത്ത്, പത്രപ്രവർത്തകൻ എന്നീ നിലകളിലും ശ്രദ്ധേയനാണ്.

**ഒരു റിപ്പോർട്ട്.............**

(വോയ്സ്)

PNUTVPM

1933 ജൂലൈ 15-ന് പാലക്കാട് ജില്ലയിലെ ഒറ്റപ്പാലത്ത് കൂടല്ലൂരിൽ ജനിച്ച മാടത്ത് തെക്കെപ്പാട്ട് വാസുദേവൻനായർ എന്ന എംടി 1954 ൽ 'വളർത്തുമൃഗങ്ങൾ' എന്ന കഥയിലൂടെയാണ് ശ്രദ്ധേയനാകുന്നത്. ആദ്യമായി പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ച നോവൽ നാലുകെട്ടിന് കേരളാ സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചു. സ്വന്തം കഥയായ 'മുറപ്പെണ്ണ്' തിരക്കഥയായെഴുതിയാണ് എം.ടി. ചലച്ചിത്രലോകത്തു പ്രവേശിച്ചത്. 1973-ൽ ആദ്യമായി സംവിധാനം ചെയ്ത 'നിർമാല്യം' എന്ന ചിത്രത്തിന് രാഷ്ട്രപതിയുടെ സ്വർണ്ണപ്പതക്കം ലഭിച്ചു. വളർത്തു മൃഗങ്ങൾ സിനിമയാക്കിയപ്പോൾ ഗാനരചന നടത്തിയും എംടി തൻറെ കഴിവ് തെളിയിച്ചു. സദയം, സുകൃതം, ഇരുട്ടിൻറെ ആത്മാവ്, ഓളവും തീരവും, പെരുന്തച്ചൻ, ഒരു വടക്കൻ വീരഗാഥ തുടങ്ങിയ ചലച്ചിത്രങ്ങളും അദ്ദേഹത്തിൻറെ സംഭാവനയാണ്. 1995 ൽ ജ്ഞാനപീഠ പുരസ്കാരവും 2005-ൽ പത്മഭൂഷണും നൽകി രാജ്യം അദ്ദേഹത്തെ ആദരിച്ചു. കേരള ജ്യോതി പുരസ്കാരം, ജെ.സി. ദാനിയേൽ പുരസ്കാരം, എഴുത്തച്ഛൻ പുരസ്കാരം, വയലാർ

അവാർഡ്, വള്ളത്തോൾ പുരസ്കാരം ഉൾപ്പെടെ നേടിയിരുന്നു. കാലം, മഞ്ഞ്, അസുരവിത്ത്, വിലാപയാത്ര, പാതിരാവും പകൽ വെളിച്ചവും, രണ്ടാമൂഴം, വാരണാസി, ഇരുട്ടിൻറെ ആത്മാവ്, ഓളവും തീരവും, വാരിക്കുഴി, സ്വർഗ്ഗം തുറക്കുന്ന സമയം, വാനപ്രസ്ഥം, രക്തം പുരണ്ട മൺ തരികൾ, നിൻറെ ഓർമ്മയ്ക്ക്, ചെറിയ ചെറിയ ഭൂകമ്പങ്ങൾ, പെരുമഴയുടെ പിറ്റേന്ന്, ശിലാലിഖിതം തുടങ്ങി എംടി എന്ന അക്ഷര നക്ഷത്രം നൽകിയ വെളിച്ചം ഓരോ വായനക്കാരൻറെയും മനസിൽ കെടാതെ നിലകൊള്ളും. **ന്യൂസ് ഡെസ്ക് ആകാശവാണി............**

*******************************************

## എം.ടി ദു:ഖാചരണം

എം ടി യുടെ വിയോഗത്തിൽ അനുശോചിച്ച് ആദര സൂചകമായി സംസ്ഥാന സർക്കാർ ഇന്നും നാളെയും ഔദ്യോഗികമായി ദുഃഖം ആചരിക്കുന്നുണ്ട്. ഇന്ന് ചേരാനിരുന്ന മന്ത്രിസഭായോഗം ഉൾപ്പെടെ എല്ലാ സർക്കാർ പരിപാടികളും മാറ്റിവെച്ചു. ഇന്നും നാളെയും നടത്താനിരുന്ന താലൂക്ക് തല പരാതി പരിഹാര അദാലത്തുകളും മാറ്റിവെച്ചിട്ടുണ്ട്. കോഴിക്കോട്ടെ ആശുപത്രിയിൽ ഹൃദയസംബന്ധമായ അസുഖത്തെ തുടർന്ന് ചികിത്സയിലിരിക്കെ ഇന്നലെ രാത്രിയോടെയാണ് എംടി വിടവാങ്ങിയത്.

RNU TVPM

*******************************************

## എംടി – പെരുന്തച്ചൻ- ഇൻട്രോ

എംടി എന്ന രണ്ടക്ഷരം കൊണ്ട് മലയാള സാഹിത്യ ലോകത്തെ കൈയ്യിലൊതുക്കിയ അതുല്ല്യ പ്രതിഭയായിരുന്നു എംടി വാസുദേവൻ നായർ. നിളയുടെ കഥ പറഞ്ഞ, എഴുത്താചാര്യന് വിട നൽകുമ്പോൾ നഷ്ടമാകുന്നത് സാഹിത്യത്തിന് ദിശാബോധം നൽകിയ, ഒരു തലമുറയ്ക്ക് അക്ഷര വെളിച്ചം നൽകിയ യുഗപുരുഷനെയാണ്. ഓരോ രചനയും

സമ്പന്നമാക്കാൻ എംടി നടത്തിയ പരിശ്രമങ്ങൾ തന്നെയാണ് അദ്ദേഹത്തെ എഴുത്തിൻറെ പെരുന്തച്ചൻ എന്ന പേരിന് അർഹനാക്കിയത്.

(ഹോൾഡ് -എംടി വോയ്സ്...........)

*************************************************

## എം ടി - ടി പത്മനാഭൻ

എംടിയുടെ വിയോഗം മലയാള സാഹിത്യത്തിൽ എളുപ്പത്തിൽ നികത്താനാവില്ലെന്ന് കഥാകൃത്ത് ടി പത്മനാഭൻ കണ്ണൂരിൽ അനുസ്മരിച്ചു. എം.ടി.യുമായി 1950 മുതലുള്ള പരിചയമാണെന്നും എംടിയുടെ ലോകം വിശാലമാണെന്നും ശ്രീ ടി പത്മനാഭൻ അനുസ്മരിച്ചു.

RNUTVPM

*************************************************

## എംടി- കെ ജയകുമാർ ... ഇൻട്രോ

മലയാള സാഹിത്യത്തിൽ എന്നും ഒരു നക്ഷത്രമായി എംടി വാസുദേവൻ നായർ തിളങ്ങി നിൽക്കുമെന്ന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മന്റ് ഇൻ ഗവർണൻസ് ഡയറക്റ്ററും പ്രശസ്ത എഴുത്തുകാരനുമായ കെ ജയകുമാർ. മലയാള സർവകലാശാലക്ക് രൂപം നൽകിയതിൽ എംടിയുടെ പങ്ക് വളരെ വലുതായിരുന്നുവെന്ന് എംടിയുടെ നിര്യാണത്തിൽ അനുശോചിച്ച് അദ്ദേഹം ആകാശവാണി വാർത്തകളോട് പറഞ്ഞു......

(വോയിസ്........)

*************************************************

## എംടി - ജോർജ് ഓണക്കൂർ

മലയാള സാഹിത്യകാരന്മാർക്ക് എംടി വാസുദേവൻ നായർ ഗുരുതുല്യനായിരുന്നുവെന്ന് പ്രശസ്ത സാഹിത്യകാരൻ ജോർജ്

ഓണക്കൂർ. ഗദ്യം എങ്ങനെ കാവ്യാത്മകമാക്കാമെന്ന് എംടി തൻ്റെ കൃതികളിലൂടെ മനസ്സിലാക്കി തന്നുവെന്നും അദ്ദേഹം പറഞ്ഞു. സാഹിത്യ ലോകത്തിൽ എംടി യുടെ അഭാവം കാലത്തിന് മാറ്റാനാകില്ലെന്നും ഓണക്കൂർ അഭിപ്രായപ്പെട്ടു.

******************************************

## എംടി- മുഖ്യമന്ത്രി, ഗവർണർ, പ്രതിപക്ഷ നേതാവ്

സാഹിത്യത്തെയും സിനിമയെയും പത്രപ്രവർത്തനത്തെയും ഒരുപോലെ സമ്പന്നമാക്കിയ ബഹുമുഖ പ്രതിഭയായിരുന്നു എം ടി എന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ അനുസ്മരിച്ചു. മലയാള സാഹിത്യത്തെ ലോകസാഹിത്യത്തിന്റെ നെറുകയിൽ എത്തിച്ച പ്രതിഭയെയാണ് എം ടിയുടെ വിയോഗത്തിലൂടെ നഷ്ടമായിരിക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു. ഒരു ജനതയാകെ മാതൃഭാഷ എങ്ങനെ എഴുതണം, എങ്ങനെ പറയണം എന്ന് ഒരു പേനയുടെ ബലം കൊണ്ട് നിർണയിക്കാൻ കഴിഞ്ഞ മനുഷ്യനാണ് എംടി എന്ന് പ്രതിപക്ഷ നേതാവ് വി ഡി ,സതീശൻ അനുസ്മരണ സന്ദേശത്തിൽ പറഞ്ഞു.

RNU TVPM

******************************************

## ബ്രേക്ക്......

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....

******************************************

## രാഷ്ട്രപതി - ബാൽ പുരസ്കാരം

പ്രധാനമന്ത്രി ബാൽ പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു വിതരണം ചെയ്തു. ഇന്നത്തെ പുരസ്കാര ജേതാക്കൾ സ്വാതന്ത്ര്യത്തിൻറെ നൂറാം വാർഷികാഘോഷം നടക്കുമ്പോൾ ഇന്ത്യയെ നയിക്കുന്ന മികച്ച പൗരന്മാരായിരിക്കുമെന്ന് പുരസ്കാരം സമ്മാനിച്ചു കൊണ്ട് രാഷ്ട്രപ്രതി പറഞ്ഞു. അവരെ

മാതൃകയാക്കണം. വരും തലമുറകളുടെ കൈകളിൽ രാജ്യം സുരക്ഷിതമാകുമെന്നും രാഷ്ട്രപതി പറഞ്ഞു.

*******************************************

## വീർ ബാൽ ദിവസ് -പ്രധാനമന്ത്രി

ഇന്ത്യയിലെ യുവാക്കൾ ലോകത്തിന് തന്നെ പ്രചോദനമേകുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇത് വികസിത ഭാരതത്തിൻറെ ലക്ഷണമാണെന്നും പ്രധാനമന്ത്രി പറഞ്ഞു. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ വീർ ബാൽ ദിവസ് പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. പരിപാടിയിൽ പോഷകാഹാര സേവനങ്ങളുമായി ബന്ധപ്പെട്ട 'സുപോഷിത് ഗ്രാമപഞ്ചായത്ത് അഭിയാൻ' പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു.

*******************************************

## ശബരിമല ... ഇൻട്രോ

സന്നിധാനത്ത് മണ്ഡലകാലതീർഥാടനത്തിന് സമാപനം കുറിച്ച് മണ്ഡലപൂജ നടന്നു. ഇന്നു രാത്രി 10 ന് നട അടയ്ക്കുന്നതോടെ 41 ദിവസത്തെ മണ്ഡലകാലത്തിനു സമാപനമാകും. മകരവിളക്ക് മഹോത്സവത്തിനായി ഈ മാസം 30ന് നട തുറക്കും. ജനുവരി 14നാണ് മകരവിളക്ക്.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.......**

(വോയ്സ്)

*******************************************

RNU TVPM

## സന്തോഷ് ട്രോഫി

78-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിൽ ഇന്ന് നടക്കുന്ന ക്വാർട്ടർ ഫൈനൽ മത്സരങ്ങളിൽ ഒഡീഷ പശ്ചിമ ബംഗാളിനെയും, ഡൽഹി മണിപ്പൂരിനെയും നേരിടും .

*******************************************

## ഷൂട്ടിംഗ്

ന്യൂഡൽഹിയിൽ നടന്ന ദേശീയ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിൽ രാജസ്ഥാൻറെ മഹേശ്വരി ചൗഹാനും അനന്ത്ജീത് സിംഗ് നറുക്കയും സ്കീറ്റ് മിക്സഡ് ടീം കിരീടം നേടി. ഉത്തർപ്രദേശിന്റെ മൈരാജ് അഹമ്മദ് ഖാൻ-അരീബ ഖാൻ ജോഡികളെയാണ് ഇവർ പരാജയപ്പെടുത്തിയത്. പഞ്ചാബിന്റെ ഗണേമത് സെഖോൺ, അഭയ് സിംഗ് സെഖോൺ എന്നിവർ വെങ്കലം നേടി.

*******************************************************************************************************

*******************************

RNU TVPM